# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 293

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ഒക്ടോബർ 22-ാം തീയതി ഞായറാഴ്ച നാം സഭയായി ക്രിസ്തീയ കുടുംബ ദിനം ആചരിക്കുകയാണ്. കുടുംബം ദൈവത്തിന്റെ അനുഗ്രഹവും മഹത്തായ ദാനവുമത്രെ. ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കുന്നതിന്റെ ആദ്യ പടിയാണ് ക്രിസ്തീയ കുടുംബം. കുടുംബം കുടുംബമായി നമുക്ക് ലഭിച്ചിരിക്കുന്ന കൃപകളെ ഓർത്തു സ്തോത്രം ചെയ്യുവാനും, നമ്മെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കുവാനുമായി ഈ ദിവസം ഉപയോഗിക്കാം.

ജീവിതമൂല്യങ്ങൾ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പരസ്പര വിശ്വാസം, കരുതൽ, ജീവിത വിശുദ്ധി എന്നിവ അന്യമായിക്കൊണ്ടിരിക്കുന്നു. കുടുംബപ്രാർത്ഥന, തിരുവചനപഠനം എന്നിവയ്ക്ക്വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. വ്യക്തിബന്ധങ്ങളും കുടുംബ ങ്ങളും ശിഥിലമായിക്കൊണ്ടിരിക്കുന്നു. ബന്ധങ്ങളിൽ തകർന്നുകൊണ്ടിരിക്കുന്ന കുടുംബങ്ങളെ രക്ഷിക്കുവാനുള്ള ബാദ്ധ്യത നമുക്കുണ്ട്. ഈ ദർശനത്തെ മുൻനിർത്തിക്കൊണ്ട് ഇപ്പോൾ എല്ലാ ഭദ്രാസനത്തെയും അതിൽ ഉൾക്കൊള്ളുന്ന എല്ലാ കുടുംബങ്ങളേയും ശാക്തീകരിക്കുവാൻ സഭയായി ഒരു കുടുംബശാക്തീകരണ ശുശ്രൂഷ തുടങ്ങിയിട്ടുണ്ട്. ആയതിന്റെ ഭാഗമായിട്ടാണ് കുടുംബ ദിനത്തോട് അനുബന്ധിച്ച് ഒരു കുടുംബദിന ആരാധന ഇടവകയിൽ ഉപയോഗിക്കത്തക്കവിധം പ്രസിദ്ധീകരിക്കുന്നത്. കുടുംബ ശാക്തീകരണത്തിന്റെ ശുശ്രൂഷയുടെ ഭാഗമായി ഫാമിലി കൗൺസിലിംഗ്, പ്രിമാരിററൽകൗൺസിലിംഗ് എന്നിവ ഇടവക ജനങ്ങൾക്ക് ലഭ്യമാകുന്നതിന് കഴിവതും ശ്രമിക്കണം. യേശുക്രിസ്തുവിലൂടെയുള്ള രക്ഷയുടെ യാഥാർത്ഥ്യത അനുരഞ്ജനമാണ്, ഒത്തുതീർപ്പല്ല. ആയത് നമ്മുടെ വ്യക്തിബന്ധങ്ങളിലും കുടുംബ ബന്ധങ്ങളിലും യഥാർത്ഥ്യമാകണം. അഭിപ്രായവ്യത്യാസങ്ങൾ, തർക്കങ്ങൾ, കേസുകൾ ഇവതീർപ്പാക്കുന്നതിനും സ്നേഹവും സൗഹാർദ്ദവും വർദ്ധിപ്പിക്കുന്നതിലും സഭാജനങ്ങൾ ബോധവാന്മാരാകണം.

ക്രിസ്തീയ കുടുംബദിനം കുടുംബങ്ങളുടെ പുനഃപ്രതിഷ്ഠയ്ക്കും സമർപ്പണത്തിനും ഉള്ള അവസരമാകണം. കുടുംബപ്രാർത്ഥന അർത്ഥവത്തും അനുഗ്രഹകരവുമാക്കിത്തീർക്കുന്നത് പതി വാക്കണം. അഴിമതി, ആഡംബരം, മദ്യപാനം മുതലായ ദോഷങ്ങൾ വിട്ടൊഴിയുമെന്ന് ഓരോ കുടുംബവും പ്രതിജ്ഞയെടുക്കണം. ആവശ്യത്തിലിരിക്കുന്നവർ, ഏകാന്തത അനുഭവിക്കുന്നവർ മുതലായവർക്ക് സഹായവും സ്നേഹവും നല്കുന്നതിന് ഇടവകയായി പ്രത്യേകം പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കണം. ഒക്ടോബർ 22–ാം തീയതി ഞായറാഴ്ച ആരാധനയിൽ, കുടുംബമായി ചേർന്നു വന്ന് കർത്തൃമേശയിൽ പങ്കെടുക്കണം. "ഞാനും എന്റെകുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും" എന്ന യോശുവ ഒരു നിർണ്ണായക കാലഘട്ടത്തിൽ പറഞ്ഞതു പോലെ ഇന്നത്തെ സാഹചര്യത്തിൽ, സാഹചര്യങ്ങളെ ഭയക്കാതെ പറയുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഈ ചിന്തകളോടുകൂടെ ഈ സംവത്സരത്തിലെ ധ്യാനചിന്തകളിലൂടെ കടന്ന് ഉദയത്തിന്റെ പെരുന്നാളിനായി കാത്തിരിക്കാം, ഒരുങ്ങാം. "ഇരുളിലും മരണനിഴലിലും ഇരിക്കു ന്നവർക്ക് പ്രകാശിച്ചു, നമ്മുടെ കാലുകളെ സമാധാന മാർഗ്ഗത്തിൽ നടത്തേണ്ടതിന്നു ആ ആർദ്രകരു ണയാൽ ഉയരത്തിൽ നിന്നു ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു." (ലൂക്കൊസ് 1:78–79)

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2017 ആഗസ്ററ് 8–ാം തീയതി,

J mmalabar

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. JOSEPH MAR THOMA

Circular No.**293**

***Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.***

Beloved in Christ,

We, as a Church, are observing the Christian Family Sunday on 22nd October. Family is a blessing from God and a great gift. The Christian family is the first step towards establishing the Kingdom of God on this earth. Let us use this day to thank God for all the mercies we have received as families and to dedicate ourselves anew before God.

In this age characterized by overall decadence of values, mutual trust, care, and purity of life are becoming alien to us as family prayer and the study of the Word of God are being neglected. Personal relationships and families are breaking up. Only by collective and committed effort can we save the families that are breaking up. To empower all families in each Diocese, the Church has started a Family Empowerment Ministry. As part of this ministry an order of worship has been published to be used in this year's Christian Family Sunday. We should make all efforts to offer family counselling and pre-marital counselling to the people of our parishes. Reconciliation, which is the manifest sign of salvation through Jesus Christ, should become a reality in our personal and family relationships. We should plan and execute programmes to end strifes, disputes and court cases and to cultivate love and friendship.

The Christian Family Sunday should become an occasion for the rededication of families and submission to God. On this occasion, each family should take the firm decision to stay away from evils such as corruption, extravagance, drinking, etc. Parishes should come forward with programmes to give help and love to those who are in need, and those who are lonely. On October 22nd , Family Sunday, members of each family should come forward together and receive Holy Communion. As in the days of Joshua, so it is with us today, let us not be afraid of the circumstances, but be strong in faith and say the words of Joshua which he said during the critical days of his time "As for me and my household, we will serve the Lord". With this thought in mind let us wait and prepare ourselves for the Advent Festival this year, meditating on these devotional thoughts. "Our God is merciful and tender. He will cause the bright dawn of salvation to rise on us and to shine from heaven on all those who live in the dark shadow of death, to guide our steps into the path of peace." Luke 1:78-79)

Grace be with you all.

Dated 8th August 2017 from the Poolatheen, Tiruvalla

**Dr. Joseph Mar Thoma Metropolitan**

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## കുടുംബദിന ആരാധനക്രമം

മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടിയത്

## 2017 ഒക്ടോബർ 22 ഞായർ

### ആരാധനാഹ്വാനം

സകലകുടുംബത്തിനും പേർവരുവാൻ കാരണമായ ദൈവ സന്നിധിയിലേക്ക് കടന്നുവന്ന് നമുക്ക് മുട്ടുകുത്താം. ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും എന്നുറക്കെപ്പറയാം. ദൈവസന്നിധിയിൽ കാഴ്ചകൾ അർപ്പിച്ച് വണങ്ങി, ദൈവം നയിക്കുന്ന വഴിയിലൂടെ സഞ്ചരിക്കുവാൻ നമുക്കൊരുങ്ങാം. ത്രിയേക ദൈവം നമ്മോടുകൂടെ.

**പാട്ട്**

**കൌമ്മാ**

### പ്രാരംഭപ്രാർത്ഥന

കുടുംബങ്ങളുടെ നാഥനായ ത്രീയേകദൈവമേ, ഉയിർപ്പിന്റെ ഈ വലിയ പെരുന്നാളിൽ സ്തുതിയും, മഹത്വവും, ആരാധനയും നിനക്ക് ഞങ്ങൾ അർപ്പിക്കുന്നു. ദൈവരാജ്യത്തിന്റെ കൊച്ചു പതിപ്പുകളാകുവാൻ കുടുംബങ്ങളെ അഭിഷേകം ചെയ്ത ദൈവമേ നിനക്ക് സ്തോത്രം. കുടുംബബന്ധങ്ങളുടെ ഉറവും ഉൽപ്പത്തിയുമായ ദൈവമേ, എന്നും എപ്പോഴും ദൈവികനീതിയിൽ ഞങ്ങളുടെ കുടുംബങ്ങളെ രൂപപ്പെടുത്തുവാനാവശ്യമായ ദൈവബോധം നൽകി ഞങ്ങളെ അനുഗ്രഹിക്കുക. ദൈവകൃപയുടെ തണലിൽ കുടുംബങ്ങളായി ദൈവരാജ്യത്തിന്റെ പുത്തൻപാട്ടുകൾ പാടുവാനും, ദൈവവചനമെന്ന അടിസ്ഥാനത്തിന്മേൽ ഞങ്ങളുടെ ഭവനങ്ങളെ പണിയുവാനും, പ്രാർത്ഥനയാകുന്ന ധൂപം എപ്പോഴും അർപ്പിക്കുവാനും, ദൈവ

രാജ്യശുശ്രൂഷയെന്ന നിയോഗം കുടുംബങ്ങളായി അധികം ഉൽസാഹത്തോടെ ചെയ്യുവാനും ഞങ്ങളെ ശക്തീകരിക്കുക. തലമുറകളെ ദൈവസാദൃശത്തിൽ വളർത്താനാവശ്യമായ ദൈവിക പരിജ്ഞാനം കൊണ്ട് ഞങ്ങളെ നിറക്കുക. പൈശാചികശക്തികൾ ഞങ്ങളുടെ കുടുംബജീവിതങ്ങളുടെ പരിസരത്തേക്ക് പ്രവേശിക്കുമ്പോൾ അതിനെ തിരിച്ചറിയുവാനും പ്രതിരോധിക്കുവാനുമാവശ്യമായ വിവേകവും, ആത്മബലവും ഞങ്ങൾക്ക് നൽകുക. ദൈവരാജ്യത്തിന്റെ പരിമളം പരത്തുന്ന, വിശ്വാസപോരാട്ടങ്ങളിൽ തളരാതെ നിൽക്കുന്ന കുടുംബങ്ങളാകുവാൻ ഞങ്ങളുടെ ഭവനങ്ങളുടെ പരിപൂർണ്ണ നിയന്ത്രണം നീ തന്നെ ഏറ്റെടുക്കുക. ബെഥാന്യയിലെ ഭവനത്തെപ്പോലെ ഞങ്ങളുടെ ഭവനത്തിന്റെ വാതിൽ നിനക്കുവേണ്ടി എപ്പോഴും തുറന്നിടുവാനാവശ്യമയ ദർശനം നൽകുക. ഈ കുടുംബഞായർ സമർപ്പണശുശ്രൂഷയിലൂടെ ദൈവരാജ്യത്തിന്റെ കാലൊച്ച കേൾക്കുന്നവരായിത്തീരുവാൻ ബലഹീനരായ ഞങ്ങൾക്ക് വിശ്വാസസ്ഥൈര്യവും, ദൈവാശ്രയബോധവും നൽകി ഞങ്ങളെ അനുഗ്രഹിക്കുക. ആധുനിക ബാബേലുകളായിത്തീർന്ന ഞങ്ങളുടെ ഭവനങ്ങളെ പെന്തിക്കോസ്തിന്റെ ഇടങ്ങളായി രൂപാന്തരപ്പെടുത്തുക. ഞങ്ങളെ സൃഷ്ടിച്ച് ദിനംതോറും പരിപാലിച്ച് വഴിനടത്തുന്ന ദൈവത്തിന് പ്രസാദരങ്ങളായ മാനപാത്രങ്ങളായിത്തീരുവാൻ ഞങ്ങളുടെ ഭവനങ്ങളുടെമേൽ അനുസരണത്തിന്റെ, വിനയത്തിന്റെ, കരുണയുടെ, പാരസ്പര്യതയുടെ ഭാവങ്ങളെയയ്ക്കേണമേ. പിതാവും, പുത്രനും, പരിശുദ്ധാത്മാവുമായ ദൈവമേ നഷ്ടപ്പെട്ടുപോയ ദൈവികഭാവത്തെ ഞങ്ങൾക്ക് തിരിച്ചു നൽകി ഞങ്ങളെ അനുഗ്രഹിക്കുക. യേശുവിൻനാമത്തിലുള്ള ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഞങ്ങൾക്ക് ഉത്തരമരുളേണമേ. ആമേൻ.

## അനുതാപപ്രാർത്ഥന

ദൈവമേ, പരിപാവനതയോടെ നീ സൃഷ്ടിച്ച കുടുംബങ്ങളെയും, കുടുംബബന്ധങ്ങളേയും ഞങ്ങൾ ദൈവികനിഷേധത്തിന്റെ ഇടങ്ങളാക്കി. ഓരോ പ്രാർത്ഥനക്കും പിന്നാലെ "കരുണാമയനായ ദൈവമേ, ഞങ്ങളുടെ പാപങ്ങളെ ക്ഷമിച്ച് ഞങ്ങളുടെ കുടുംബങ്ങളെ ദൈവ



യിഷ്ടം ആവിഷ്കരിക്കപ്പെടുന്ന ഇടങ്ങളാക്കുക" എന്ന് പ്രതിവാക്യമായി പറയണം.

**ഒന്ന്:** ആദമിനേയും ഹവ്വയേയും പോലെ ഞങ്ങൾ പലപ്പോഴും സാത്താന്റ വാക്കുകൾക്ക് ചെവികൊടുക്കുന്നവരായും അനുസരിക്കുന്നവരായും തീർന്നുപോയിട്ടുണ്ട്. അതിലൂടെ ദൈവസന്നിധിയിൽ നിന്ന് ബഹുദൂരം ഞങ്ങൾ അകലുകയും ചെയ്തിട്ടുണ്ട്. അനുതാപബോധത്തോടെ നിന്റെ സന്നിധിയിൽ അടുത്തുവരുന്ന ഞങ്ങളെ സ്വീകരിക്കുക.

**പ്രതിവാക്യം:** കരുണാമയനായ ദൈവമേ...

**രണ്ട്:** ലോത്തിനെയും ലോത്തിന്റെ ഭാര്യയേയും പോലെ ഞങ്ങൾ ഭൗതികനേട്ടങ്ങൾ മാത്രം ലക്ഷ്യമാക്കി കുടുംബജീവിതം നയിച്ചു. ഞങ്ങളുടെ ഭവനങ്ങൾ ആധുനിക സോദോം ഗോമോറകളായിത്തീർന്നു. ഉപേക്ഷിക്കേണ്ടതിനെ ഉപേക്ഷിക്കാതെ ഞങ്ങൾ ജീവിക്കുന്ന ഉപ്പുതൂണുകളായിത്തീർന്നു. ആ ചുങ്കക്കാരനെപ്പോലെ നിന്റെ സന്നിധിയിലേക്ക് അടുത്തുവരുന്ന ഞങ്ങളെ സ്വീകരിക്കുക.

**പ്രതിവാക്യം:** കരുണാമയനായ ദൈവമേ...

**മൂന്ന്:** ദൈവഭയമില്ലാത്ത ഏലിയുടെ മക്കളുടെ പിൻതലമുറക്കാരായിത്തീർന്ന് ദൈവികശിക്ഷാവിധി പേറുന്നവരായി ഞങ്ങൾ പലപ്പോഴും തീർന്നുപോയിട്ടുണ്ട്. അനന്യാസിനെപ്പോലെയും സഫീരയെപ്പോലെയും ഞങ്ങൾ പലതും ദൈവസന്നിധിയിൽ നിന്ന് മറച്ചുവയ്ക്കുവാൻ ശ്രമിച്ചിട്ടുണ്ട്. കുരിശിൽ കിടന്ന് തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ കള്ളനെപ്പോലെ അനുതാപബോധത്തോടെ നിന്റെ സന്നിധിയിൽ അടുത്തുവരുന്ന ഞങ്ങളെ സ്വീകരിക്കുക.

**പ്രതിവാക്യം:** കരുണാമയനായ ദൈവമേ...

**നാല്:** സർദ്ദീസിലെ സഭയെപ്പോലെ ഞങ്ങളുടെ ഭവനങ്ങൾക്ക് ജീവൻ നഷ്ടപ്പെട്ടിരിക്കുന്നു. ലവോദിക്യസഭയെപ്പോലെ ഞങ്ങളുടെ ഭവനങ്ങൾക്ക് ദർശനങ്ങൾ നഷ്ടപ്പെട്ട് ശീതോഷ്ണതയുടെ പര്യായങ്ങളായി തീർന്നുപോയിരിക്കുന്നു. ബന്ധങ്ങളുടെ ഇഴയടുപ്പവും വിശ്വസ്ഥതയും ഐകൃതയും ഞങ്ങൾക്കിന്ന് അനൃമായി. യോനാ

യുടെമേൽ തന്റെ ആത്മാവിനെ പകർന്ന ദൈവമേ, ഞങ്ങളെയും ഞങ്ങളുടെ ഭവനങ്ങളേയും അകില്ലാസിന്റെയും പ്രിസ്കില്ലയുടേയും ഭവനത്തെപ്പോലെ ദൈവവചനപഠനത്തിന്റെയും, തലമുറകളെ അഭ്യസിപ്പിക്കുന്നതിന്റെയും ഈറ്റില്ലങ്ങളായി രൂപാന്തരപ്പെടുത്തുക.

**പ്രതിവാക്യം:** കരുണാമയനായ ദൈവമേ...

**പാപമോചനപ്രഖ്യാപനം:** അപ്പാ ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തുപോയി എന്ന അനുതാപത്തിന്റെ പ്രാർത്ഥനയോടെ ദൈവസന്നിധിയിൽ അടുത്തുവരുന്ന ഏവർക്കും പുത്രീ-പുത്രത്വത്തിന്റെ പദവി തിരികെ നൽകുന്ന ദൈവം നമ്മുടെയോരോരുത്തരുടേയും പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു. ദൈവം കൃപയാൽ നൽകുന്ന രക്ഷാനുഭവത്തിൽ നമുക്ക് തികഞ്ഞുവരുവാൻ സർവ്വശക്തൻ ഇടയാക്കട്ടെ. ആമേൻ

## സ്തോത്രപ്രാർത്ഥന

തന്റെ സ്വന്തം സാദൃശ്യത്തിൽ ഞങ്ങളെ സൃഷ്ടിച്ച ദൈവമേ, ഞങ്ങൾക്ക് വേണ്ടുന്നതെല്ലാം നിന്റെ നീതിയുടെ ഭണ്ഡാരത്തിൽ നിന്നും നൽകി, ഞങ്ങളുടെ വഴിയാത്രയിലെ ആതിഥേയനായും, സഹയാത്രികനായും കൂടെയിരുന്നു. “ദൈവകൃപയുടെ തണലിൽ ഞങ്ങളെ നടത്തിയ ദൈവമേ നിനക്ക് സ്തോത്രം” എന്ന് ഓരോ പ്രാർത്ഥനകൾക്കും പിന്നാലെ പ്രതിവാക്യമായിപ്പറയണം.

**ഒന്ന്:** ഞങ്ങളുടെ മാതാപിതാക്കളുടെ വിശ്വാസതീക്ഷണതയേയും പ്രാർത്ഥനാജീവിതത്തേയും അർപ്പണത്തേയും മാനിച്ച് ഞങ്ങളുടെ തലമുറകളെ അബ്രഹാമിനെപ്പോലെ അനുഗ്രഹിച്ചതിനാൽ നിനക്ക് സ്തോത്രം. ദാവീദുപുത്രാ ഞങ്ങളോട് കരുണയുണ്ടാകണമേയെന്നുള്ള ഞങ്ങളുടെ കുടുംബങ്ങളുടെ നിലവിളി കേട്ട് ഞങ്ങളേയും ഞങ്ങളുടേയും കുടുംബങ്ങൾക്ക് അന്നന്നുള്ള അപ്പവും നൽകി വയലിലെ താമരയെക്കാൾ മനോഹരമായി ഞങ്ങളെ ഉടുപ്പിച്ച് ഞങ്ങൾക്ക് തല ചായ്പ്പാൻ ഭവനങ്ങളെ നൽകിയ ദൈവമേ നിനക്ക് സ്തോത്രം.

**പ്രതിവാക്യം:** ദൈവകൃപയുടെ തണലിൽ ഞങ്ങളെ നടത്തിയ ദൈവമേ നിനക്ക് സ്തോത്രം.



**രണ്ട്:** ജീവിതമാതൃകകൾ കണ്ട് പഠിക്കുവാൻ കാലത്തിനു മുൻപേ പറക്കുന്ന പക്ഷികളെപ്പോലെ അനേകരെ ഞങ്ങൾക്കായി ഒരുക്കിയ ദൈവമേ നിനക്ക് സ്തോത്രം. ഞങ്ങൾ ഈ മണ്ണിൽ പിറക്കുവാൻ കാരണക്കാരായ ഞങ്ങളുടെ മാതാപിതാക്കൾ, ഞങ്ങൾക്ക് വേണ്ടി വിശ്വാസം ഏറ്റുപറഞ്ഞ് അതിൽ ഞങ്ങളെ അഭ്യസിപ്പിച്ചു വളർത്തിയ ഞങ്ങളുടെ അപ്പച്ചന്മാർ, അമ്മച്ചിമാർ, അന്ധകാരത്തിൽ നിന്നും വെളിച്ചത്തിന്റെ തിരിച്ചറിവിലേക്ക് ഞങ്ങളെ നടത്തിയ ഗുരുക്കന്മാർ, സ്നേഹത്തിന്റെ വെള്ളിവെളിച്ചം ഞങ്ങൾക്ക് പകർന്നുതന്ന ബന്ധുമിത്രാദികൾ, സുഹൃത്തുക്കൾ എല്ലാവർക്കുമായി സ്തോത്രം.

**പ്രതിവാക്യം:** ദൈവകൃപയുടെ തണലിൽ ഞങ്ങളെ നടത്തിയ ദൈവമേ നിനക്ക് സ്തോത്രം.

**മൂന്ന്:** ഞങ്ങളുടെ വിശ്വാസരൂപീകരണത്തിനായും, ദൈവാനുഭവത്തിന്നായും, ദൈവാനുഗ്രഹത്തിനായും നീയൊരുക്കിയ ഞങ്ങളുടെ ഭവനങ്ങൾ, ഇടവകകൾ, പ്രസ്ഥാനങ്ങൾ, പ്രാർത്ഥനാക്കൂട്ടങ്ങൾ, സഭ തുടങ്ങിയ എല്ലാറ്റിനുമായി സ്തോത്രം. ഞങ്ങളുടെ വഴിയാത്രയിൽ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചവർ, ഞങ്ങൾ വീതാതെവണ്ണം ഞങ്ങൾക്ക് വഴികാണിച്ചുതന്നവർ, ഞങ്ങൾക്കു വേണ്ടി അന്നം ഒരുക്കിത്തന്നവർ, ഞങ്ങൾ തളർന്നുപോയപ്പോൾ ഞങ്ങളെ നെഞ്ചോട് ചേർത്തണച്ചവർ തുടങ്ങി എല്ലാവർക്കുമായി സ്തോത്രം. കുടുംബമെന്നത് കൂടുമ്പോൾ ഇമ്പമുള്ളതാകുവാൻ ഞങ്ങളെ പഠിപ്പിച്ച നാഥാ നിനക്ക് സ്തോത്രം.

**പ്രതിവാക്യം:** ദൈവകൃപയുടെ തണലിൽ ഞങ്ങളെ നടത്തിയ ദൈവമേ നിനക്ക് സ്തോത്രം.

**നാല്:** രൂത്തിനെപ്പോലെ, ഹന്നയെപ്പോലെ, മറിയയെപ്പോലെ, ശമുവേലിനെപ്പോലെ, ജോസെഫിനെപ്പോലെ, സൂതികർമ്മിണികളെപ്പോലെ, അനേകരെ നമ്മുടെ ജീവിതങ്ങളുടെ സമൃദ്ധിക്കുവേണ്ടി ദൈവം ഒരുക്കി. എല്ലാറ്റിനുമുപരിയായി ക്രിസ്തുവിലൂടെയുള്ള വിമോചനം നമ്മുടെ കുടുംബങ്ങൾക്ക് സാധ്യമായി. ഞങ്ങളെയും ഞങ്ങളുടെ കുടുംബങ്ങളേയും ഞങ്ങളെക്കാൾ സ്നേഹിക്കുന്ന ദൈവമേ നിനക്ക് സ്തോത്രം.

**പ്രതിവാക്യം:** ദൈവകൃപയുടെ തണലിൽ ഞങ്ങളെ നടത്തിയ ദൈവമേ നിനക്ക് സ്തോത്രം.

**മദ്ധ്യസ്ഥപ്രാർത്ഥന**

ഞങ്ങളുടെ ആവശ്യങ്ങൾ ഞങ്ങൾ ചോദിക്കും മുൻപേ അറിയുന്ന ദൈവമേ നിനക്ക് സ്തുതി. ഓരോ പ്രാർത്ഥനയ്ക്കും പിന്നാലെ "ഈ ഭൂമിയിൽ ഞങ്ങളോടൊപ്പം പാർക്കുന്ന ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ" എന്ന് പ്രതിവാക്യമായി പറയണം.

**ഒന്ന്:** നമ്മുടെ സഭയ്ക്കായി പ്രാർത്ഥിക്കാം. അനേകരുടെ പ്രാർത്ഥനയും വിയർപ്പും ത്യാഗവും നമുക്ക് ലഭിച്ചിട്ടുണ്ട്. നമ്മുടെ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി, ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയമെത്രാപ്പോലീത്താ തിരുമേനി, സഫ്രഗൻ മെത്രാപ്പോലീത്താ, എപ്പിസ്കോപ്പാമാർ, പട്ടക്കാർ, സുവിശേഷകർ, ആത്മായർ എല്ലാവർക്കുമായി നമുക്ക് പ്രാർത്ഥിക്കാം. അനേകം ദൈവമക്കൾക്ക് ജന്മം കൊടുക്കുന്ന ഭവനങ്ങളാക്കി നമ്മുടെ ഭവനങ്ങൾ തീർക്കണമേയെന്നു നമുക്ക് പ്രാർത്ഥിക്കാം.

**പ്രതിവാക്യം:** ഈ ഭൂമിയിൽ ഞങ്ങളോടൊപ്പം പാർക്കുന്ന ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**രണ്ട്:** നമ്മൾ പാർക്കുന്നയിടങ്ങളിൽ ജീവിതത്തിന്റെ സമൃദ്ധി നിഷേധിക്കപ്പെടുന്ന അനേകരുണ്ട്. ദളിതർ, സ്ത്രീകൾ, കർഷകർ, ദരിദ്രർ, കുഞ്ഞുങ്ങൾ, വൈധവ്യത്തിലൂടെ കടന്നുപോകുന്നവർ, വാർധക്യത്തിൽ ഒറ്റപ്പെടലും തിരസ്കരണവും അനുഭവിക്കുന്നവർ തുടങ്ങി എല്ലാവർക്കുമായി നമുക്ക് പ്രാർത്ഥിക്കാം. ഇവർക്കെല്ലാം ദൈവസ്നേഹം വിളമ്പുന്നവരായി ഞങ്ങളെ തീർക്കേണമേയെന്നു നമുക്ക് പ്രാർത്ഥിക്കാം.

**പ്രതിവാക്യം:** ഈ ഭൂമിയിൽ ഞങ്ങളോടൊപ്പം പാർക്കുന്ന ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**മൂന്ന്:** നമ്മുടെ ഇന്ത്യാമഹാരാജ്യത്തിന്നായും അതിന്റെ ഐക്യത്തിനും അഖണ്ഡതക്കുമായി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ വൈവിധ്യത്തെ തകർക്കുന്ന എല്ലാ ഛിദ്രശക്തികളിൽ നിന്നും നമ്മുടെ രാജ്യത്തെ വിടുവിക്കേണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



**പ്രതിവാക്യം:** ഈ ഭൂമിയിൽ ഞങ്ങളോടൊപ്പം പാർക്കുന്ന ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**നാല്:** നമ്മുടെ ഭവനങ്ങളുടെ നിലനിൽപ്പിന്റെ തായ് വേരറക്കുന്ന ആധുനികതയുടെ മാസ്മരികതയിൽനിന്നും നമ്മെ വീണ്ടെടുത്ത് യഥാസ്ഥാനപ്പെടുത്തണമേയെന്നു നമുക്ക് പ്രാർത്ഥിക്കാം. അമിത വ്യക്തിവാദം, സ്വാർത്ഥത, പരസ്പരം അംഗീകരിക്കാനുള്ള വിമുഖത, ധാർഷ്ട്യം, സമ്പത്തിന്റെയും ആർഭാടത്തിന്റെയും സ്വാധീനം, സുഖലോലുപത തുടങ്ങി എല്ലാറ്റിൽനിന്നും നമ്മുടെ ഭവനങ്ങളെ രക്ഷിക്കേണമേയെന്നു നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ പൈതൃകങ്ങളായ ഒരുമ, ദൈവാശ്രയം, കുടുംബാരാധന, ശുശ്രൂശാമനോഭാവം, കരുതൽ, പാരസ്പര്യത, നീതിബോധം, ദൈവവചനപഠനവും അവയുടെ ആവിഷ്കാരങ്ങളും, തുടങ്ങിയവ തിരിച്ചുപിടിക്കാനാവശ്യമായ ദൈവികദർശനം നമുക്കും നമ്മുടെ കുടുംബാംഗങ്ങൾക്കും നൽകണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

**പ്രതിവാക്യം:** ഈ ഭൂമിയിൽ ഞങ്ങളോടൊപ്പം പാർക്കുന്ന ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**അഞ്ച് :** കുടുംബബന്ധങ്ങളുടെ നവീകരണത്തിന്നായി പ്രവർത്തിക്കുന്ന എല്ലാവർക്കുമായി നമുക്ക് പ്രാർത്ഥിക്കാം. കൗൺസിലിംഗ് കേന്ദ്രങ്ങൾ, അവിടെ പ്രവർത്തിക്കുന്നവർ, ശിഥിലമായ കുടുംബബന്ധങ്ങളുടെ ഇഴയടുപ്പം യഥാസ്ഥാനപ്പെടുത്തുവാൻ ശ്രമിക്കുന്നവർ തുടങ്ങി എല്ലാവർക്കുമായി നമുക്ക് പ്രാർത്ഥിക്കാം.

**പ്രതിവാക്യം:** ഈ ഭൂമിയിൽ ഞങ്ങളോടൊപ്പം പാർക്കുന്ന ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**സമർപ്പണത്തിന്റെ ഒരു ലുത്തിനിയാ**

സമർപ്പണത്തിന്റെ തെളിമയും ആഴവും സ്ഥിരതയും നമ്മുടെ വിശ്വാസജീവിതയാത്രയിലെ നമ്മുടെ കുടുംബജീവിതത്തിലെ അഭിഭാജ്യഘടകങ്ങളാണ്. നമ്മുടെ പ്രതിവാക്യം "ഞങ്ങൾ സമ്പൂർണ്ണമായി ഞങ്ങളെ ദൈവത്തിന്റെ കരങ്ങളിൽ ഏൽപ്പിക്കുന്നു" എന്ന് പ്രതിവാക്യമായിപ്പറയണം.

**ഒന്ന്:** അബ്രഹാമിനെപ്പോലെ, സാറയെപ്പോലെ, യിസ്ഹാക്കിനെപ്പോലെ ഞങ്ങളുടെ ഭവനങ്ങളെ ദൈവയിഷ്ടത്തിന് വിധേയമാക്കുന്നു. ദൈവവാക്കുകൾക്ക് ചെവികൊടുക്കുന്നു. അതെത്ര വിലയുള്ളതാണെങ്കിലും.

**പ്രതിവാക്യം:** ഞങ്ങൾ സമ്പൂർണ്ണമായി ഞങ്ങളെ ദൈവത്തിന്റെ കരങ്ങളിൽ ഏൽപ്പിക്കുന്നു.

**രണ്ട്:** ജോസെഫിനെപ്പോലെ, മറിയയെപ്പോലെ ദൈവം ദാനം തരുന്ന തലമുറകളെ ദൈവികപരിജ്ഞാനത്തിൽ വളർത്തുവാൻ ഞങ്ങൾ ഞങ്ങളെത്തന്നെ സമർപ്പിക്കുന്നു.

**പ്രതിവാക്യം:** ഞങ്ങൾ സമ്പൂർണ്ണമായി ഞങ്ങളെ ദൈവത്തിന്റെ കരങ്ങളിൽ ഏൽപ്പിക്കുന്നു.

**മൂന്ന്:** ഹന്നായെപ്പോലെ തലമുറകൾക്കുവേണ്ടി പ്രാർത്ഥിക്കുന്നവരായി, ശിമെയോനെപ്പോലെ തലമുറകളെ അനുഗ്രഹിക്കുന്നവരായി, യേശുപൈതലിനെപ്പോലെ അനുസരണവും വചനത്തിന്റെ അറിവും, മോർദ്ദേഖായിയെപ്പോലെ ദർശനവും, രൂത്തിനെപ്പോലെ പക്വതയും ഞങ്ങൾക്ക് ലഭിക്കേണ്ടതിനായി ഞങ്ങൾ പരിപൂർണ്ണമായി ഞങ്ങളെത്തന്നെ സമർപ്പിക്കുന്നു.

**പ്രതിവാക്യം:** ഞങ്ങൾ സമ്പൂർണ്ണമായി ഞങ്ങളെ ദൈവത്തിന്റെ കരങ്ങളിൽ ഏൽപ്പിക്കുന്നു.

## ആശീർവാദം (എല്ലാവരും ചേർന്ന്)

കുടുംബങ്ങളെ സൃഷ്ടിച്ച് അനുഗ്രഹിക്കുന്ന പിതാവാം ദൈവത്തിന്റെ അനുഗ്രഹങ്ങളും ദൈവയിഷ്ടം ചെയ്യുന്നവരാണ് തന്റെ കുടുംബാംഗങ്ങൾ എന്നു പഠിപ്പിച്ച പുത്രനാം ദൈവത്തിന്റെ കൃപയും, സകലസത്യത്തിലും വഴിനടത്തുന്ന പരിശുദ്ധറൂഹായാകുന്ന ദൈവത്തിന്റെ ആവാസവും ഇന്നും എപ്പോഴും നമ്മോടുകൂടെ. ആമേൻ.